**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ(എ&റ്റി)നടപടിക്രമം**

---

വിഷയം:- ആവഡ-ശ്രീമതി.അനില.കെ.അലക്സാണ്ടർ-ന്റെ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ സീനിയോരിറ്റി പട്ടികയിലെ സ്ഥാനം റദ്ദ് ചെയ്ത് പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി ഉത്തരവാക്കുന്നത്-സംബന്ധിച്ച്

പരാമർശം:- 1.കത്ത് നം.DMOH/2428/2024-A6.തീയതി:29/11/2024

2.PTAIV(1)1521/15(6),തീയതി:04/06/2018

3.ഉത്തരവ് നം.ഇ.എസ്3-2982/2019/ആ.വ.ഡ.തീയതി:29/07/2021

4.ഉത്തരവ് നം.ഇ.എസ്3-6081/2022/ആ.വ.ഡ.തീയതി:25/05/2023

5.നോട്ടീസ് നം.ആ.വ.ഡ/2758/2024-ഇ.എസ്3,തീയതി:18/02/2025

**ഉത്തരവ് നം:** ആ.വ.ഡ/2758/2024-ഇ.എസ്3,**തീയതി:** 16-03-2025

---

റാന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 ജീവനക്കാരിയായ ശ്രീമതി.അനില.കെ.അലക്സാണ്ടർ സീനിയോരിറ്റി പട്ടികയിൽ തനിക്ക് നൽകിയ സ്ഥാനം പുനഃപരിശോധിക്കുന്നതിനായി പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ടി ജീവനക്കാരി പരാമർശം 2-ലെ നിയമനശിപാർശ പ്രകാരം പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് കുടുംബാരോഗ്യകേന്ദ്രത്തിൽ 20/06/2018-ൽ ജോലിയിൽ പ്രവേശിച്ചു.ടിയാൾ 16/09/2019 മുതൽ 1 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 17/09/2020 മുതൽ അനധികൃത അവധിയിൽ ആയിരുന്നുവെന്നും അപേക്ഷയിൽ വ്യക്തമാക്കുന്നു.മേൽ സാഹചര്യത്തിൽ പ്രൊബേഷണറായ ടി ജീവനക്കാരിയ്ക്കെതിരെ അച്ചടക്കനടപടി കൈക്കൊള്ളുകയും തുടർന്ന് ടി നടപടികൾ അവസാനിപ്പിച്ച് **പുതിയ ഉദ്യോഗാർത്ഥിയെന്ന നിലയിൽ ടിയാളെ പരിഗണിയ്ക്കുകയും മുൻകാല സേവനത്തിൽ നേടിയ എല്ലാ സേവന ആനുകൂല്യങ്ങളും ഇല്ലാതാകുമെന്ന്** വ്യക്തമാക്കിക്കൊണ്ടും 16/11/2022 FN-ൽ റാന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പുനപ്രവേശിപ്പിച്ചുകൊണ്ടും പരാമർശം 3 പ്രകാരം ഉത്തരവ്

പുറപ്പെടുവിച്ചിരിക്കുന്നു.

ശ്രീമതി.അനില.കെ.അലക്സാണ്ടർ പരാമർശം 4-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 2014-2018 കാലയളവിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ 251-ാം‍ം സ്ഥാനത്തും ഇതേ തസ്തികയിലെ പരാമർശം 5-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 31/12/2021 കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 247-ാം‍ം സ്ഥാനത്തും ഉൾപ്പെട്ടിട്ടുണ്ട്.ആയതിനാൽ **പുതിയ ഉദ്യോഗാർത്ഥിയെന്ന നിലയിൽ** 16/11/2022 തീയതിയിൽ ജോലിയിൽ പുനഃപ്രവേശിച്ച തീയതി പരിഗണിച്ച് ടിയാളെ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ പുതുക്കിയ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ആയതിൽ ഉൾപ്പെടുത്തുന്നതിനും മേൽപ്പറഞ്ഞ സീനിയോരിറ്റി പട്ടികകളിൽ ടിയാൾക്ക് നൽകിയ സ്ഥാനം(251,247) റദ്ദ് ചെയ്തുകൊണ്ടുമുള്ള നോട്ടീസ് പരാമർശം 5 പ്രകാരം പുറപ്പെടുവിച്ചിരുന്നു.ആയതിന്മേൽ യാതൊരുവിധ ആക്ഷേപങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ടി നോട്ടീസ് അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by Jayasree V
Date: 16-03-2025 22:54:50

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

സ്വീകർത്താവ്:-

1.ബന്ധപ്പെട്ട വ്യക്തിയ്ക്ക് (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്:-

1.ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

2.എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

3.സൂപ്രണ്ട്,ഇ.ഇ.സെക്ഷൻ

4.ഫയൽ/കരുതൽ ഫയൽ